## പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ആഗസ്റ്റ് 11, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

കുട്ടനാട്ടിലെ വെള്ളപ്പൊക്കം

മി. സ്പീക്കർ: ആവർത്തിച്ചുവരുന്ന പ്രളയംമൂലം കുട്ടനാട് പ്രദേശത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

സ്വീകരിക്കാത്തതുമൂലം അവിടത്തെ ജനങ്ങൾക്കുളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സമുദ്രനിരപ്പിനെക്കാൾ താഴ്ന്ന പ്രദേശമായ കുട്ടനാട്ടിൽ വർഷകാലത്തുണ്ടാകുന്ന വെള്ളപ്പൊക്കം കാരണം കൃഷിയും വീടുകളും നശിക്കുകയും ജീവഹാനിയുണ്ടാവുകയും ചെയ്യുന്നു. സുഗമമായ ജലനിർഗ്ഗമനത്തിനുവേണ്ടി തോട്ടപ്പള്ളി സ്പിൽവേയും ഓരുവെള്ളം കയറാതിരിക്കാൻ തണ്ണീർമുക്കം ബണ്ടും നിർമ്മിച്ചിട്ടുണ്ട്. കുട്ടനാട് രണ്ടാം പാക്കേജിൽ ഉൾപ്പെടുത്തി സ്പിൽവേയുടെയും ജലനിർഗ്ഗമന പാതയുടെയും നവീകരണം, മാലിന്യം നീക്കം ചെയ്യൽ, പാലങ്ങളുടെ പുനർനിർമ്മാണം, ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാത വികസനം എന്നിവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വെള്ളപ്പൊക്ക നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചെന്നൈ ഐ.ഐ.ടി.-യെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്പിൽവേയിൽനിന്നുള്ള ലീഡിംഗ് ചാനലിന്റെ ആഴം വർദ്ധിപ്പിച്ച് കായംകുളം കായലിലേയ്ക്ക് അധികജലം ഒഴുക്കിവിടുന്നതിനുള്ള സാധ്യതാപഠനം നടന്നുവരുന്നു. കൃഷി/മത്സ്യബന്ധന/ജലവിഭവ വകുപ്പുമന്ത്രിമാർ കുട്ടനാട് സന്ദർശിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: കുട്ടനാട്ടിലെ കർഷകർ വളരെയേറെ പ്രതിസന്ധിയിലാണ്. കുടിവെള്ളക്ഷാമവും വെള്ളപ്പൊക്കദുരിതവും കാരണം ആളുകൾ അവിടെനിന്നും പലായനം ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രശ്നപരിഹാരത്തിനായി പ്രഖ്യാപിക്കുന്ന പദ്ധതികളൊന്നും ഫലപ്രദമാകുന്നില്ല. 2020-ലെ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം. അപ്പർ കുട്ടനാടിനെ പാരിസ്ഥിതികമായി പരിഗണിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കണം. വെള്ളപ്പൊക്കം, കുടിവെള്ളക്ഷാമം, മടവീഴ്ച, കാർഷിക മേഖലയിലെ പ്രതിസന്ധി, ആരോഗ്യ പ്രശ്നങ്ങൾ, കൂട്ടപലായനം തുടങ്ങിയ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പമ്പ, മണിമല, അച്ചൻകോവിൽ, മീനച്ചിൽ തുടങ്ങിയ നാല് നദികളും വേമ്പനാട് കായലും ചേർന്ന് രൂപം നൽകിയ ഡെൽറ്റ പ്രദേശമായ കുട്ടനാടിന്റെ അതിരുകൾ കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലും പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിലുമായി 79 റവന്യൂ വില്ലേജുകളാണുള്ളത്. കുട്ടനാട്ടിൽ 13 പഞ്ചായത്തുകൾക്കുവേണ്ടി 290 കോടി രൂപയുടെ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ട്. കുട്ടനാട് താലൂക്കിലും വിയപുരം പഞ്ചായത്തിലും ഉൾപ്പെടുന്ന 77 പാടശേഖരങ്ങൾ ബണ്ട് ബലപ്പെടുത്തി കൃഷിയോഗ്യമാക്കുകയും തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ടപ്രവർത്തനം നടപ്പിലാക്കുകയും വിയപുരം മുതൽ തോട്ടപ്പള്ളിവരെയുള്ള ചാനലിന്റെ സംരക്ഷണത്തിന് 70 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിലുൾപ്പെടുത്തി 66 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവർത്തനം നടന്നുവരുന്നു. 2021-22 ബഡ്ജറ്റിലുൾപ്പെടുത്തി ബണ്ട് നവീകരിക്കുന്നതിലൂടെ കൃഷിസ്ഥലം സംരക്ഷിക്കുന്നതും തോടുകൾ എക്കലും ചെളിയും നീക്കം ചെയ്ത്

നവീകരിക്കുന്നതിലൂടെ ജലനിർഗ്ഗമനം സുഗമമാക്കുന്നതുമാണ്. 2018-ലെ പ്രളയംമൂലം കുട്ടനാട്ടിലുണ്ടായ മടവീഴ്ചയിലെ നഷ്ടം പരിഹരിക്കാൻ 25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കനകാശ്ശേരി പാടത്തിന്റെ പുനർനിർമ്മാണത്തിനായുള്ള രൂപരേഖയുള്ള എസ്റ്റിമേറ്റ് അന്തിമഘട്ടത്തിലാണ്. ലീഡിംഗ് ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയ പഠനം ആവശ്യമാണ്. വെള്ളപ്പൊക്കത്തിന് കാരണമാകുന്ന അശാസ്ത്രീയ നിർമ്മാണങ്ങൾ പരിശോധിക്കുന്നതാണ്. 2018-ലെ പ്രളയത്തിൽ തകർന്ന റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലാക്കുകയും പ്രധാനപ്പെട്ട പദ്ധതികൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടനാട്ടിൽനിന്ന് പലായനം ചെയ്ത കുടുംബങ്ങളെ തിരികെയെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): 2018-ലെ പ്രളയത്തിനുശേഷം കുട്ടനാട്ടിലെ ആവാസ വ്യവസ്ഥയിലും ഭൂപ്രകൃതിയിലും മാറ്റം സംഭവിക്കുകയും വ്യാപകമായ കൃഷി നാശമുണ്ടായിരിക്കുകയുമാണ്. കുട്ടനാട്ടിൽ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

കുട്ടനാട്ടിൽനിന്ന് കുടുംബങ്ങൾ പലായനം ചെയ്യുന്ന അവസ്ഥയ്ക്കും അവിടത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും പരിഹാരം കാണണം. വെള്ളം ഒഴുകിപ്പോകുന്നതിനായി നദികളുടെയും ഡാമുകളുടെയും ആഴം വർദ്ധിപ്പിക്കുകയും ഒഴുക്കിന് തടസ്സമായി നിൽക്കുന്ന പാലങ്ങൾ പുനർനിർമ്മിക്കുകയും ചെയ്യുന്നതോടൊപ്പം വെള്ളപ്പൊക്കം തടയാൻ ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കുകയും വേണം. കുട്ടനാട്ടിലെ ആരോഗ്യസ്ഥാപനങ്ങൾ കൃത്യമായി പ്രവർത്തിപ്പിക്കുന്നതിനും ക്യാൻസർ രോഗം വ്യാപിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുകയും വേണം. കുടിവെള്ളം ലഭ്യമാക്കുകയും എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് ദീർഘവീക്ഷണത്തോടെയുള്ള സമഗ്രപദ്ധതി തയ്യാറാക്കി കുട്ടനാട്ടിലെ ജനങ്ങളുടെ ആശങ്കൾ പരിഹരിക്കുകയും വേണം.

## II. ശ്രദ്ധക്ഷണിക്കൽ

### 1. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം

ശ്രീ. മാത്യു ടി. തോമസ്: വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് റോഡ് സേഫ്റ്റി അതോറിറ്റിയുടെയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും റോഡ് സുരക്ഷ സംബന്ധിച്ച പാഠഭാഗങ്ങൾ സ്കൂൾ സിലബസ്സിൽ

ഉൾപ്പെടുത്തുന്നതിനും ഡ്രൈവേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): റോഡപകടങ്ങളുടെയും അപകടത്തിൽ മരണപ്പെടുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിനും അപകടത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കുകയും മാധ്യമങ്ങൾ വഴി റോഡ് സുരക്ഷാ സന്ദേശം നൽകുകയും റോഡ് സുരക്ഷാ അതോറിറ്റിക്ക് ലഭിക്കുന്ന ഫണ്ട് യഥാവിധി വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്. 2007-ലെ കേരള റോഡ് സേഫ്റ്റി ആക്ട് ഭേദഗതി ചെയ്യുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം ശക്തിപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഡ്രൈവേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യും.

(2) പരിവർത്തിത ക്രൈസ്തവർക്കുള്ള സംവരണാനുകൂല്യം

ശ്രീ. മോൻസ് ജോസഫ്: പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി പട്ടികജാതി സംവരണാനുകൂല്യം ലഭ്യമാക്കുന്നതിനും വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന് കൂടുതൽ സാമ്പത്തിക സഹായം നൽകി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പട്ടികജാതിയിൽനിന്നും പരിവർത്തനം ചെയ്ത ദളിത് ക്രിസ്ത്യൻ വിഭാഗത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി തൊഴിൽ-വിദ്യാഭ്യാസ രംഗങ്ങളിൽ സംവരണം നൽകുകയും വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പിന്നാക്കവിഭാഗങ്ങളുടെ കൃത്യമായ കണക്കെടുത്തിട്ടില്ലാത്തതിനാൽ ഉദ്യോഗസംവരണം പുനഃക്രമീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. കേന്ദ്രസർക്കാരാണ് ഈ വിഭാഗത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത്. പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും എല്ലാ സർക്കാർ പദ്ധതികളിലും ഈ വിഭാഗത്തിന് മുൻഗണന ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യും.

## III. സബ്മിഷൻ

1. പൈതൃക ടൂറിസത്തിൽ പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രം ഉൾപ്പെടുത്തൽ

ശ്രീ. കെ. വി. സുമേഷ്: തലശ്ശേരി പൈതൃകടൂറിസം പദ്ധതിയിൽ പള്ളിക്കുന്ന് മൂകാംബികക്ഷേത്രത്തെ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രത്തിൽ സരസ്വതിമണ്ഡപം ഉൾപ്പെടെയുള്ള ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തലശ്ശേരി പൈതൃകടൂറിസം പദ്ധതിയിലോ പിൽഗ്രിം ടൂറിസം പദ്ധതിയിലോ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

2. ദുരന്തനിവാരണ വകുപ്പിന്റെ ഉത്തരവ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ദുരന്തനിവാരണ വകുപ്പിന്റെ 04.08.2021-ലെ ഉത്തരവ് തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനുപുറമെ മൂന്നാം തരംഗത്തിലേയ്ക്ക് പോകാതിരിക്കാൻ

ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ജീവസന്ധാരണം ഉറപ്പാക്കുന്നതിനുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമായതുകൊണ്ടാണ് നിയന്ത്രണങ്ങളിൽ വ്യത്യാസം വരുത്തി ആഗസ്റ്റ് 5 മുതൽ പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിച്ചത്. പൊതുനന്മ മാത്രം ഉദ്ദേശിച്ചിട്ടുള്ള പ്രസ്തുത ഉത്തരവിൽ ഭരണഘടനാവിരുദ്ധമായി യാതൊന്നുമില്ല.

3. ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: പുതുക്കാട് മണ്ഡലത്തിലെ കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാനും അപ്രോച്ച് റോഡിന്റെ അപാകതകൾ പരിഹരിച്ച് റോഡ് സഞ്ചാരയോഗ്യമാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തൃശ്ശൂർ ജില്ലയിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം 2008-ൽ നബാർഡ് സഹായത്തോടെ ആരംഭിച്ചെങ്കിലും കാലാവധി പൂർത്തിയായതിനാൽ 2015-ൽ പ്രവൃത്തി ജലസേചന വകുപ്പിന് കൈമാറുകയും 7 കോടി രൂപയുടെ ഭരണാനുമതി നൽകി പദ്ധതി ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു. 06.01.2020-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി പ്രവൃത്തിയുമായി ബന്ധപ്പെട്ട

പോരായ്മകൾ കണ്ടുപിടിക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തികൾക്കായി Kerala Engineering Research Institute (KERI)-നെ ചുമതലപ്പെടുത്തുകയും അടിയന്തരമായി നിർമ്മാണം പൂർത്തിയാക്കണമെന്ന് നിർദ്ദേശിക്കുകയും 4.60 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പര്യവേഷണപ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ അപാകതകൾ അറിയുവാനും തുടർനടപടികൾ സ്വീകരിക്കുവാനും കഴിയുകയുള്ളൂ.

4. കടക്കാട്ടുപ്പാറ റെഗുലേറ്റർ നിർമ്മാണം

ശ്രീ. പി. അബ്ദുൽ ഹമീദ്: കടക്കാട്ടുപ്പാറ റെഗുലേറ്ററിന്റെയും മണ്ണൂട്ടാംപാറ അണക്കെട്ടിന്റെ കൈവരിയുടെയും നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കടക്കാട്ടുപ്പാറ റെഗുലേറ്റർ നിർമ്മിക്കുന്നതിന് ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയർ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഐ.ഡി.ആർ.ബി.-ക്ക് സമർപ്പിച്ച റിപ്പോർട്ടിന്മേൽ അധികവിവരങ്ങൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. മണ്ണൂട്ടാംപാറ അണക്കെട്ടിന്റെ കൈവരി തകർന്ന് നടപ്പാത

ഉപയോഗശൂന്യമായതിനാൽ റീയൂസബിൾ സ്റ്റീൽ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം സാമ്പത്തിക സാങ്കേതിക-സാധ്യത കണക്കിലെടുത്ത് തീരുമാനിക്കുന്നതാണ്.

5. എൻ.ടി.സി. മില്ലുകൾ തുറന്നുപ്രവർത്തിപ്പിക്കൽ

ശ്രീ. പി. നന്ദകുമാർ: സംസ്ഥാനത്തെ എൻ.ടി.സി. മില്ലുകൾ തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിൽവരുന്ന മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കേണ്ടത് നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായതിനാൽ കേരളത്തിലെ മുഴുവൻ എൻ.ടി.സി. മില്ലുകളും തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

6. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വേമ്പനാട് കായലിലെ പായൽ നീക്കം ചെയ്യാനും സമ്പാദ്യ സമാശ്വാസ/തണൽ പദ്ധതികൾ

പുനഃസ്ഥാപിക്കാനും ഉൾനാടൻ മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കേന്ദ്ര ധനസഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭ്യമാകാത്തതിനാൽ സംസ്ഥാന ഗവൺമെന്റ് സഹായത്തോടെ പദ്ധതി തുടരുന്നുണ്ട്. ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി 19,158 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായവും തൊഴിൽ വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കുന്ന തണൽ പദ്ധതിയിൽ 55.16 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ജലാശയങ്ങളിലെ പോളപ്പായൽ നീക്കം ചെയ്യുന്നതിനായി 2021 നവംബർ 1-ന് ആരംഭിച്ച് 2022 നവംബർ 1-ന് പൂർത്തിയാകത്തക്കവിധത്തിൽ വേമ്പനാട് കായൽ ശുചീകരണ പദ്ധതി ആരംഭിക്കുന്നതാണ്.

## 7. റേഷൻ കാർഡ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സംസ്ഥാനത്ത് റേഷൻ കാർഡില്ലാത്ത എല്ലാ കുടുംബങ്ങൾക്കും കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): റേഷൻ കാർഡില്ലാത്തവർക്ക് അപേക്ഷ നൽകി 24 മണിക്കൂറിനകം കാർഡ് ലഭ്യമാക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭ-ത്തിൽപ്പെട്ട് റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് ഡ്യൂപ്ലിക്കേറ്റ് കാർഡ് നൽകിവരുന്നുണ്ട്. കെട്ടിട നമ്പർ ലഭിക്കാത്തവർക്കുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിച്ച് അർഹരായവർക്ക് കാർഡ് അനുവദിക്കുന്നതാണ്. പുറമ്പോക്കിൽ താമസിക്കുന്നവർ പുതിയ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷയിൽ വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ 'പൂജ്യം പൂജ്യം' എന്ന് രേഖപ്പെടുത്തിയാൽ കാർഡ് അനുവദിക്കുന്നതാണ്.

## 8. റെയിൽപ്പാത ഇരട്ടിപ്പിക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിനും എയ്യുകൊണ്ടാൻകാണിയിൽ മേൽപ്പാലം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): റെയിൽവേ റിക്വിസിഷൻ ലഭിക്കുന്നതിനുള്ള കാലതാമസം കാരണം റെയിൽപ്പാത ഇരട്ടിപ്പിക്കലിന് സ്ഥലമേറ്റെടുക്കുന്ന നടപടി

മന്ദഗതിയിലാണ്. കുഴിത്തുറ മുതൽ ഇരണിയിൽ വരെയുള്ള പ്രദേശം തമിഴ്നാടിന്റെ ഭാഗമായതിനാൽ സ്ഥലമേറ്റെടുക്കൽ നടപടി സ്വീകരിക്കേണ്ടത് തമിഴ്നാട് സർക്കാരാണ്. എയ്ത്തുകൊണ്ടാൻകാണിയിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് റെയിൽവേയുമായി കൂടിയാലോചന നടത്തുന്ന കാര്യം പരിശോധിക്കുന്നതും ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കത്തയയ്ക്കുന്നതുമാണ്.

9. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: കണ്ണൂർ ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കണ്ണൂർ ജില്ലാ ആശുപത്രിയുടെ സമഗ്രവികസനം കിഫ്ബിയിലുൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഈ വർഷം അവസാനം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നുവെങ്കിലും നിർമ്മാണ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ രണ്ടാം നിലവരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയശേഷം പഴയ

കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്കുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയാൽ മാത്രമേ നവീകരണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. പദ്ധതിയുടെ നിർമ്മാണത്തിലെ പുരോഗതി സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതും സമയബന്ധിതമായി പൂർത്തിയാക്കുന്നതുമാണ്.

10. വളവന്നൂർ സി.എച്ച്.സി.-യുടെ പ്രവർത്തനം

ശ്രീ. കുറുക്കോളി മൊയ്തീൻ: വളവന്നൂർ സി.എച്ച്.സി.-യുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2018 മുതൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന മലപ്പുറം ജില്ലയിലെ വളവന്നൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ വിവിധ തസ്തികകളിലായി 33 സ്ഥിരം ജീവനക്കാരാണുള്ളത്. എൻ.എച്ച്.എം. മുഖാന്തരം 3 ഡോക്ടർമാരുടെ സേവനം അധികമായി ലഭിക്കുകയും ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. ടി ആശുപത്രിയിൽ വനിതാ വാർഡും ഡയാലിസിസ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. കോവിഡ് മഹാമാരിയുടെ

മൂന്നാം തരംഗസാധ്യത കണക്കിലെടുത്ത് വളവന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലും മറ്റ് ബ്ലോക്ക് ആശുപത്രികളിലും 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് സജ്ജമാക്കിയിട്ടുണ്ട്.

## IV. ധനകാര്യം

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. പി. ടി. എ. റഹീം: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിക്കാലത്തെ സാമ്പത്തിക പ്രതിസന്ധിക്കിടയിലും പദ്ധതികൾ പ്രഖ്യാപിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്ന സർക്കാർ നിലപാട് സ്വാഗതാർഹമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ടോക്കിയോ ഒളിംപിക്സിൽ മെഡൽ നേടിയ കേരളത്തിന്റെ അഭിമാനതാരമായ പി. ആർ. ശ്രീജേഷിനെ ആദരിക്കുകയും പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്യാത്ത സർക്കാർ നടപടി ഖേദകരമാണ്. ഈ ഗവൺമെന്റ് കേരളത്തെ പ്രഖ്യാപനങ്ങളുടെ

ശവപ്പറമ്പാക്കി മാറ്റിയിരിക്കുകയാണ്. റീബിൽഡ് കേരളയ്ക്ക് നീക്കിവച്ച ധനം ചെലവഴിക്കാനോ നികുതി പിരിവ് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ തീരുമാനമെടുക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ കോവിഡ് വാക്സിൻ നിർമ്മാണവുമായി ബന്ധപ്പെട്ട സാധ്യതാപഠനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കണം. കൊച്ചി മെട്രോയ്ക്ക് പൂർണ്ണസമയ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനും കൊച്ചിയിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടും വാട്ടർ മെട്രോയും പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ആരോഗ്യരംഗം ഇന്ത്യയ്ക്കാകെ മാതൃകയാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ നവീകരണപ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ന്യൂനപക്ഷക്ഷേമം സംബന്ധിച്ച സച്ചാർ കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കണം. കോവിഡ് കാലത്തെ വിദ്യാഭ്യാസ രീതിയും പഠനനിലവാരവും സംബന്ധിച്ച് പഠിച്ച് ആവശ്യമായ തിരുത്തൽ

വരുത്തണം. ഓണാവധിക്കുശേഷം മാനദണ്ഡങ്ങൾ പാലിച്ച് സ്കൂൾ തുറക്കാനുള്ള ശ്രമമുണ്ടാകണം.

ശ്രീ. കെ. പ്രേംകുമാർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമ പ്രവർത്തനങ്ങളിലൂടെ കേരളം ലോകത്തിന് മാതൃകയായത് അഭിനന്ദനാർഹമാണ്. സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനം നേടിയത് പ്രശംസനീയമാണ്. കുറഞ്ഞ ശിശു/മാതൃമരണനിരക്കും ഉയർന്ന ആയുർദൈർഘ്യവും കേരളത്തെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരള കോൺഗ്രസിന്റെ ചെയർമാനും മുൻ എം.എൽ.എ.-യുമായിരുന്ന പരേതനായ സി.എഫ്. തോമസിന്റെ സ്മരണ നിലനിർത്തുന്ന ഒരു പദ്ധതി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തണം. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വായ്പകൾ തിരിച്ചടയ്ക്കാനുള്ള ബാങ്കുകളുടെ സമ്മർദ്ദവും പ്രൊഫഷണൽ ടാക്സ് പിരിക്കാനുള്ള നിർദ്ദേശവും ഒഴിവാക്കാനുള്ള ഇടപെടലുണ്ടാകണം. നിർമ്മാണരംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കാനും ഭക്ഷ്യകിറ്റ് സമയബന്ധിതമായി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ജെ. മാക്സി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 20000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചതും സൗജന്യമായി ഭക്ഷ്യധാന്യകിറ്റുകൾ വിതരണം ചെയ്യുന്നതും ക്ഷേമ പെൻഷനുകൾ കുടിശ്ശികയില്ലാതെ കൊടുത്തതും അതിഥി തൊഴിലാളികൾക്ക് നാട്ടിലേയ്ക്ക് പോകുന്നതിനുള്ള സൗകര്യമേർപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കേരളം ലോകശ്രദ്ധ പിടിച്ചുപറ്റിയത് സർക്കാരിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. ചെല്ലാനത്ത് തീരദേശസംരക്ഷണത്തിനായി പ്രത്യേക പാക്കേജ് അനുവദിച്ചതും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതും ജലജീവൻ പദ്ധതിയിലൂടെ എല്ലാവർക്കും കുടിവെള്ളമെത്തിക്കുന്നതും പ്രശംസനീയമാണ്.

ശ്രീ. മാത്യു ടി. തോമസ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിർമ്മാണ പ്രവൃത്തികളുടെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. ജനക്ഷേമ പദ്ധതികളുടെ പ്രതിഫലനമാണ് തുടർഭരണം.

ശ്രീ. ടി. ജെ. വിനോദ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുകടം വർദ്ധിച്ചതും ശമ്പളവും പെൻഷനും നൽകാൻ കടമെടുക്കുന്നതും

സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയെയാണ് സൂചിപ്പിക്കുന്നത്. സാമ്പത്തിക, ആരോഗ്യ, സാംസ്കാരിക മേഖലകളിലെ പ്രഖ്യാപനങ്ങൾ ജലരേഖയാവുകയാണ്. കോവിഡ് പ്രതിരോധത്തിൽ പരാജയപ്പെട്ടതും വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാത്തതും സാമ്പത്തിക പ്രതിസന്ധിമൂലമുള്ള ആത്മഹത്യകൾ വർദ്ധിച്ചതും വാക്സിൻക്ഷാമം നേരിടുന്നതും പ്രളയത്തിൽ ജീവനും ജീവനോപാധികളും നഷ്ടമായവർക്ക് ആനുകൂല്യങ്ങൾ നൽകാത്തതും പ്രതിഷേധാർഹമാണ്.

ശ്രീ. എ. രാജ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് അഭിനന്ദനാർഹമാണ്. പ്രതികൂല സാഹചര്യങ്ങളിലും വികസനത്തിനും കരുതലിനും നൽകിയ അംഗീകാരമാണ് തുടർഭരണം. കോവിഡിനെ അതിജീവിക്കാൻ 20,000 കോടി രൂപയുടെ പാക്കേജും കാർഷിക മേഖലയിലെ പുതിയ പദ്ധതികളും സ്വാഗതാർഹമാണ്. സാമൂഹിക സുരക്ഷാ പെൻഷൻ വർദ്ധിപ്പിക്കുകയും ക്ഷേമനിധി ബോർഡംഗങ്ങൾക്ക് ധനസഹായം നൽകുകയും നൂറുദിന കർമ്മ പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്ത് സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന നിലപാട്

സ്വീകരിച്ചത് പ്രശംസനീയമാണ്. പി.എസ്.സി. വഴി നിയമന ശിപാർശകൾ നൽകിയും പുതിയ തസ്തികകൾ സൃഷ്ടിച്ചും പോലീസ് സേനയിൽ വനിതാ ബറ്റാലിയന് രൂപം നൽകിയും ആദിവാസി മേഖലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പോലീസ്/എക്സൈസ് വകുപ്പുകളിൽ നിയമനം നൽകിയും യുവജനങ്ങളോട് അനുഭാവപൂർണ്ണമായ നിലപാടാണ് സർക്കാർ സ്വീകരിച്ചത്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ശാസ്ത്രീയ പഠനം നടത്തുന്നതിനും സമഗ്ര ശിക്ഷാ കേരളയിലൂടെ വിദ്യാഭ്യാസ നവീകരണ പരിപാടികൾ നടപ്പിലാക്കുന്നതിനും നോളജ് ഇക്കണോമിക് ഫണ്ട് എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനും വയനാട് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സമസ്തമേഖലയിലും വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. കോവിഡ് ചികിത്സ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവഴി പ്രതിരോധ കുത്തിവയ്പ്, തുടങ്ങിയവ സൗജന്യമാക്കിയതും കോവിഡ് മരണനിരക്ക് കുറയ്ക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ക്യാൻസർ രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ വർദ്ധിപ്പിക്കാനും 'സ്നേഹപൂർവ്വം' പദ്ധതിപ്രകാരമുള്ള ആനുകൂല്യം അതത് അദ്ധ്യയനവർഷം അനുവദിക്കാനും

കർഷകത്തൊഴിലാളി ക്ഷേമനിധി അറ്റാദായ കുടിശ്ശിക അനുവദിക്കാനും ഉന്നത വിദ്യാഭ്യാസരംഗത്ത് ഉയർന്ന നിലവാരവും തൊഴിൽസാധ്യതയും ഉറപ്പാക്കാനും സർവ്വകലാശാലകളിൽ യഥാസമയം പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ച് പരീക്ഷാനടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ നടത്താനും നടപടി സ്വീകരിക്കണം. ഉന്നത വിദ്യാഭ്യാസ ഹബ്ബായി കേരളത്തെ മാറ്റുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കണം. അൺ-എയ്ഡഡ് മേഖലയിലെ ജീവനക്കാരുടെ ജോലി സുരക്ഷ ഉറപ്പുവരുത്തണം.

ശ്രീ. പി. ഉബൈദുള്ള: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പി.എസ്.സി.-യുടെ വിശ്വാസ്യത തകർക്കുന്ന തരത്തിലുള്ള പിൻവാതിൽ നിയമനങ്ങളാണ് സർക്കാർ നടത്തുന്നത്. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായവർക്ക് തുടർപഠനത്തിന് അവസരമൊരുക്കുന്നതിനും ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്നതിനും കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. സ്വന്തമായി കെട്ടിടമില്ലാത്ത IHRD സ്ഥാപനങ്ങൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തണം. വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യമേർപ്പെടുത്തുന്നതിനും 2004-നുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

വഴി നിയമനം ലഭിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തുന്നതിനും തയ്യാറാകണം. പി.ഡബ്ല്യൂ.ഡി.-യുടെ സെക്ഷൻ ഓഫീസുകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കടം വാങ്ങൽ പരിധിയിൽ കുറവ് വരുത്തി സംസ്ഥാനങ്ങളെ കൂടുതൽ സമ്മർദ്ദത്തിലാക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും വികസന പ്രവർത്തനങ്ങൾ നടത്താനും ജനങ്ങളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കാനുമുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. ഇ. കെ. വിജയൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രളയം, നിപ്പ, നോട്ട് നിരോധനം, കോവിഡ് മഹാമാരി എന്നീ പ്രതിസന്ധികൾക്കിടയിലും വികസന പ്രവർത്തനങ്ങൾ നടത്താനും ജനക്ഷേമം ഉറപ്പാക്കാനും സർക്കാരിന് സാധിച്ചുവെന്നത് അഭിമാനകരമാണ്. ലൈഫ് പദ്ധതിയെ തകർക്കാനും ഭക്ഷ്യക്കിറ്റ് വിതരണം തടസ്സപ്പെടുത്താനുമാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. തൊഴിൽ, വിദ്യാഭ്യാസ,

ആരോഗ്യ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണ്.

ശ്രീ. എ. എൻ. ഷംസീർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യം, റവന്യൂ മേഖലകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ ത്വരിതപ്പെടുത്തുകയും ചെയ്ത സർക്കാർ നിലപാട് അഭിനന്ദനാർഹമാണ്. സഹകരണ പ്രസ്ഥാനങ്ങളെ തകർക്കാനുള്ള കേന്ദ്ര സർക്കാർ സമീപനം അപലപനീയമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഉപധനാഭ്യർത്ഥനകള എതിർക്കുന്നു. സംസ്ഥാനം ഇന്ന് കടക്കെണിയിലാണ്. ജി.എസ്.ടി. വെട്ടിപ്പ് വ്യാപകമായി നടക്കുകയാണ്. വിൽപ്പന നികുതി വകുപ്പിനെ പുന:ക്രമീകരിക്കുന്നതിനും സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാനനഷ്ടം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ നികുതി വരുമാനം കുത്തനെ ഇടിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ നികുതിച്ചോർച്ച തടയുന്നതിന് നടപടിയുണ്ടാകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സഭയുടെ അംഗീകാരത്തിനായി 420.77 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണ് സമർപ്പിച്ചിരിക്കുന്നത്. സർക്കാരിന്റെ നൂറ് ദിനകർമ്മ പരിപാടിയുടെ

ഭാഗമായി ഇരട്ടി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. ആലപ്പുഴ, കൊല്ലം ബൈപ്പാസുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. പ്രവാസി ചിട്ടിയിൽനിന്നും 478.42 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് കൃത്യമായി തിരിച്ചടച്ചവർക്ക് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിക്കുകയും കുടിശ്ശികക്കാർക്ക് സെപ്തംബർ 30 വരെയുള്ള പലിശയും പിഴപ്പലിശയും ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് സർക്കാർ ജീവനക്കാർക്ക് മുൻ വർഷത്തെ നിരക്കിൽ ബോണസും ഫെസ്റ്റിവൽ അലവൻസും അനുവദിക്കുന്നതാണ്. 300 ആരോഗ്യ പ്രവർത്തകരുടെയും 100-ലധികം സർവ്വേയർമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ആരോഗ്യ/സാമ്പത്തിക/മാധ്യമ രംഗത്തെ പ്രമുഖർ കേരളത്തിന്റെ കോവിഡ് പ്രതിരോധ മാതൃകയെ പ്രശംസിച്ചിട്ടുണ്ട്. ജി.എസ്.ടി. നിലവിൽ വന്നതോടെ നികുതി വരുമാനം കുറഞ്ഞിട്ടുണ്ടെങ്കിലും അതിനുള്ള നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ധനകാര്യ വകുപ്പുമന്ത്രി കൺവീനറായ സംസ്ഥാന

ധനകാര്യ വകുപ്പുമന്ത്രിമാരുടെ പാനൽ സ്വർണ്ണത്തിന്റെ നികുതിവരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജി.എസ്.ടി. കൗൺസിലിന് നിവേദനം നൽകിയിട്ടുണ്ട്. കിഫ്ബിക്കുവേണ്ടി മസാലബോണ്ട് ഇന്ത്യൻ രൂപയിൽ എടുത്തതിനാൽ ഡോളർ/യൂറോ നിരക്ക് വ്യത്യാസപ്പെടുന്നതനുസരിച്ച് വായ്പാത്തുക വർദ്ധിക്കുകയില്ലെന്ന ആനുകൂല്യമുണ്ട്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം,

കായികവിനോദം, കല സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX -ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 36-നെതിരെ 87 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## V. നിയമനിർമ്മാണ കാര്യം

### 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## VI. ക്രമപ്രശ്നം

ബില്ലിന്റെ ഭരണഘടനാ സാധുത

ശ്രീ. എൻ.ഷംസുദ്ദീൻ: 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബില്ലിലെ വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധമാണ്. ഇത്തരമൊരു നിയമം കൊണ്ടുവരുമ്പോൾ പഴയ നിയമത്തിൽ മാറ്റം വരുത്തിയില്ലെങ്കിൽ ഒരേ കാര്യനിർവ്വഹണത്തിന് രണ്ട് നിയമങ്ങളുണ്ടെന്നുള്ള പ്രശ്നമുണ്ടാകും. ആയതിനാൽ ബില്ലിന് അവതരണാനുമതി നൽകരുത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ പാസ്സാക്കുന്നതിനുമുമ്പ് പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം സർക്കുലേറ്റ് ചെയ്യേണ്ടതും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എക്സ്പെൻഡിച്ചർ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുമാണ്. റെക്കറിംഗ് ആൻഡ് നോൺ-റെക്കറിംഗ് എക്സ്പെൻഡിച്ചർ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ രൂപപ്പെടാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകളെയും യോഗ്യതയില്ലാത്ത അദ്ധ്യാപകരെ നിയമിച്ചതും സംബന്ധിച്ച് വ്യക്തമാക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബില്ലിലെ പല വ്യവസ്ഥകളും 2015-ലെ എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ടിന് സമാനമാണ്. പ്രസ്തുത ആക്ടിൽ ഭേദഗതി വരുത്താതെ സമാന വ്യവസ്ഥകളോടെ ഒരേ അധികാരപരിധിയിൽ പ്രവർത്തിക്കുവാൻ അനുമതി നൽകുന്നതിനായി കൊണ്ടുവരുന്ന ഈ ബിൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരണാനുമതി നൽകരുതെന്നും ഇതുസംബന്ധിച്ച് റൂളിംഗ് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: ഗവേഷണത്തിലൂടെയും കൺസൾട്ടിംഗിലൂടെയും ബൗദ്ധിക സ്വത്തുണ്ടാക്കുകയും ധനസമ്പാദനം നടത്തുകയും ചെയ്യുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യാൻ പാടില്ലാത്തതാണ്. നിർദ്ദിഷ്ട സർവ്വകലാശാലയുടെ വ്യാപ്തി വ്യക്തമാക്കുന്ന ഭൂപ്രദേശ പരിധിയെക്കുറിച്ച് ബില്ലിൽ വ്യക്തമാക്കിയിട്ടില്ലാത്തതും ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തന ചെലവ് എത്രയാണെന്ന് സൂചിപ്പിക്കാത്തതും നിയമപരമായ ന്യൂനതയായതിനാൽ ബില്ലിന് അവതരണാനുമതി നൽകരുത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ ബില്ലിന്റെ ഉള്ളടക്കത്തെ പരാമർശിക്കുന്നവയായതിനാൽ സബ്ജക്ട് കമ്മിറ്റിയിലും സഭാതലത്തിലും ചർച്ച ചെയ്ത് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഡിജിറ്റൽ രംഗത്തെ ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനുമാണ് സർവ്വകലാശാല പ്രാധാന്യം നൽകുന്നത്. പ്രോജക്ടുകൾ, കൺസൾട്ടൻസി, പേറ്റന്റ്, ഭൗതിക സ്വത്തവകാശം ഇവയുടെ ഭാഗമായുള്ള വരുമാനത്തിൽനിന്നാണ് സർവ്വകലാശാലയുടെ ആവർത്തനച്ചെലവ് കണ്ടെത്തുന്നത്. ഓർഡിനൻസ് പ്രകാരം പ്രവർത്തനമാരംഭിച്ച ഈ സർവ്വകലാശാലയ്ക്ക് യു.ജി.സി./എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കേരളയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്കാണ് അഡീഷണൽ ഡ്യൂട്ടി കൊടുത്തിട്ടുള്ളത്. വിജ്ഞാനമേഖലയിൽ തുടർച്ചയായുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് അപ്ഡേറ്റ് ചെയ്യാനുള്ള കോഴ്സുകൾ കൂടി ഈ സർവ്വകലാശാലയിൽ വിഭാവനം ചെയ്യുന്നുണ്ട്.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> ഒരു ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ ക്രമപ്രശ്നമായോ തടസ്സവാദമായോ ഉന്നയിക്കാറുള്ളത് പ്രസ്തുത ബിൽ പരിഗണിക്കുവാൻ സഭയ്ക്ക് ഭരണഘടനാപരമായ അധികാരമുണ്ടോയെന്നും ബില്ലിന്റെ ഘടനയിൽ നിർബന്ധമായും ഉണ്ടാകേണ്ട ഘടകങ്ങൾ ചേർത്തിട്ടുണ്ടോയെന്നും അവ പര്യാപ്തമാണോ എന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ചാണ്. മറ്റ് കാര്യങ്ങൾ ബില്ലിന്റെ വിശദമായ പരിഗണനാവേളയിൽ ബന്ധപ്പെട്ട കമ്മിറ്റിയിലും പിന്നീട് സഭാതലത്തിലും പരിഗണിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ് കീഴ്‌വഴക്കവും നടപടിക്രമവും; അതുകൊണ്ടുതന്നെ ബില്ലിന്റെ അവതരണവേളയിൽ അതിലെ ഉള്ളടക്കത്തെക്കുറിച്ച് ഉന്നയിച്ച ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല.

ബില്ലിൽ അവശ്യം ചേർത്തിരിക്കേണ്ട ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് സഭയിൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളിൽ വ്യത്യസ്തങ്ങളായ റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടമോ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എക്സ്പെൻഡിച്ചറോ പറഞ്ഞില്ലെങ്കിലും ബില്ലിന്റെ അവതരണം ഓർഡറിലാണെന്നും ബില്ലിൽ

റെക്കറിംഗ് ആൻഡ് നോൺ-റെക്കറിംഗ് എക്സ്പെൻഡിച്ചർ വ്യക്തമായി ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിച്ചിരിക്കണമെന്നും റൂളിംഗ് ഉണ്ടായിട്ടുണ്ട്. ബില്ലിന് രൂപം നൽകുമ്പോൾത്തന്നെ പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ രൂപപ്പെടാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകളെ സംബന്ധിച്ച് വ്യക്തതയോടെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചേർക്കുകയാണ് ചെയ്യുന്നത്.

ഈ സഭ പാസ്സാക്കിയ 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തകവും അനാവർത്തകവുമായ ചെലവുകളെ സംബന്ധിച്ച് പരാമർശിച്ചിരുന്നു. ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് അത്തരം മാതൃക സ്വീകരിക്കുന്നതായിരിക്കും ഉചിതം. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. ബില്ലിന് അവതരണാനുമതി നൽകുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഡിജിറ്റൽ സാങ്കേതികവിദ്യ രംഗത്ത് ആഗോള നിലവാരം ഉറപ്പാക്കുന്ന രൂപത്തിലുള്ള ഉന്നതവിദ്യാഭ്യാസ സംവിധാനം രൂപീകരിക്കുകയെന്നതാണ് ബില്ലിന്റെ പ്രധാന ലക്ഷ്യം. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ കഴിയുന്ന സർവ്വകലാശാലകൾ ആവശ്യമായ ഘട്ടത്തിലാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്ന ആശയം വന്നത്. 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കേരള'-യുടെ പദവി ഉയർത്തിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയാക്കുന്നത്. ഡിജിറ്റൽ ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനുമാണ് പ്രാധാന്യം നൽകുന്നത്. ഇന്ത്യയിലും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളുമായുള്ള ബന്ധത്തിലൂടെ ഡിജിറ്റൽ മേഖലയിൽ പുരോഗതി കൈവരിക്കാനും അക്കാഡമി ഇൻഡസ്ട്രി ലിങ്കേജ് സാധ്യമാക്കാനും സാധിക്കും. വിദ്യാഭ്യാസ മേഖലയിലൂടെ സാമ്പത്തിക അഭിവൃദ്ധിയുണ്ടാകുമെന്ന പ്രഖ്യാപനമാണ് ഇതിലൂടെ യാഥാർത്ഥ്യമാകുന്നത്. 5 വിഭാഗങ്ങളിലായി ഇന്റഗ്രേറ്റഡ് കോഴ്സുകളാണ് ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്. ഡിജിറ്റൽ ഡിവൈഡ് കുറയ്ക്കാനും വ്യത്യസ്ത

മേഖലകളിലുള്ളവർക്ക് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പ്രയോജനം ലഭ്യമാക്കാനും പ്രസ്തുത സർവ്വകലാശാലയ്ക്ക് കഴിയും. തിരുവനന്തപുരം ജില്ലയിലെ ടെക്നോസിറ്റിയിൽ സ്ഥാപിതമായ യൂണിവേഴ്സിറ്റിയിൽ 1200 പേർക്ക് താമസിച്ച് പഠിക്കാനുള്ള സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി (ഡോ. എം. കെ. മുനീർ) : I move that " This House resolves to disapprove The Kerala University of Digital Sciences, Innovation and Technology Ordinance, 2021 (Ordinance No. 80 of 2021)."

നിലവിലുള്ള സർവ്വകലാശാലകൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ പുതിയ സർവ്വകലാശാല രൂപീകരിക്കുന്നത് ഉചിതമല്ല. നിലവിൽ കുസാറ്റിലുള്ള കോഴ്സുകൾ തന്നെയാണ് ഈ യൂണിവേഴ്സിറ്റിയിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. സർവ്വകലാശാലയിൽ നിയമിച്ചിട്ടുള്ള പ്രൊഫസർമാർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതയുണ്ടോയെന്ന് പരിശോധിക്കണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ഭാവിയെപ്പറ്റിയും സ്കിൽ ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളും ട്രെയിനിംഗ് സെന്ററുകളും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനെപ്പറ്റിയും ആലോചിക്കണം. പുതിയ യൂണിവേഴ്സിറ്റി എന്ന ആശയം ഉപേക്ഷിക്കുകയും

'നോളജ് സിറ്റി' ആരംഭിച്ച് മറ്റ് ടെക്നിക്കൽ യൂണിവേഴ്സിറ്റികളിൽനിന്ന് സർട്ടിഫിക്കറ്റ് ലഭിക്കുന്ന തരത്തിൽ പരിശീലനം നൽകുകയും പ്ലേസ്മെന്റിന് സാഹചര്യമൊരുക്കുകയും നിലവിലുള്ള സർവ്വകലാശാലകളെ ശക്തിപ്പെടുത്തുകയും വേണം.

ശ്രീ. റോജി എം. ജോൺ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കുസാറ്റ് എന്നിവയ്ക്ക് സമാനമായ ഉദ്ദേശ്യലക്ഷ്യങ്ങളോടെയുള്ള ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. ശാസ്ത്ര സാങ്കേതികവിദ്യയുടെ ഭാഗമായ ഇൻഫർമേഷൻ ടെക്നോളജി/കമ്പ്യൂട്ടർ സയൻസിൽ ഗവേഷണമുൾപ്പെടെ നടത്തുന്ന കുസാറ്റ് നിലവിലുള്ളപ്പോൾ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുമാത്രമായി ഒരു യൂണിവേഴ്സിറ്റി ആരംഭിക്കേണ്ട ആവശ്യമില്ല. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയെ ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കാതെ പുതിയ സർവ്വകലാശാലയെന്ന ആശയം മുന്നോട്ടുവയ്ക്കുന്നത് നിരാശാജനകമാണ്.

ശ്രീ. എ. എൻ. ഷംസീറിനുവേണ്ടി ശ്രീ. എം. വിജിൻ: 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-08-2021 വരെ സർക്കുലേറ്റ്

ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ടെക്നോളജിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഉന്നതവിദ്യാഭ്യാസരംഗം നവീകരിക്കേണ്ടതുണ്ട്. ഡിജിറ്റൽ സാങ്കേതിക രംഗത്ത് ആഗോള നിലവാരം ഉറപ്പാക്കുന്നതിന് അത്യാധുനിക സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് രൂപം കൊടുത്തിരിക്കുന്നത്. ഡിജിറ്റൽ രംഗത്തെ വിവിധ മേഖലകളിൽ പി.ജി. അദ്ധ്യാപനത്തിലും ഗവഷണത്തിലും ശ്രദ്ധയൂന്നിക്കൊണ്ടുള്ള ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് ഇതെന്നത് അഭിമാനാർഹമാണ്. യുവതലമുറയ്ക്ക് തൊഴിലിന്റെ അനന്തസാധ്യത തുറന്നുനൽകുന്ന സർവ്വകലാശാലയായി ഡിജിറ്റൽ സർവ്വകലാശാല മാറും. യു.ജി.സി.,എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചത് ഈ സർവ്വകലാശാലയുടെ മികവിനെയാണ് കാണിക്കുന്നത്. ടി സർവ്വകലാശാലയ്ക്ക് സാർവ്വദേശീയ തലത്തിലുള്ള പ്രഗത്ഭരായ പ്രൊഫസർമാരുടെ സേവനം ലഭ്യമാക്കണം. നോളജ് ഇക്കോണമിയിലൂടെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കാനും ഗവേഷണം നടത്താനുമുള്ള വിദ്യാഭ്യാസരീതിയാണ് ഈ സർവ്വകലാശാല ലക്ഷ്യമാക്കുന്നത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിവരസാങ്കേതിക വിദ്യാരംഗത്ത് വിദഗ്ദ്ധരെ സൃഷ്ടിച്ച് ലോകനിലവാരത്തിലേയ്ക്ക് ഉയരാൻ ഡിജിറ്റൽ സർവ്വകലാശാല രൂപീകരണത്തിലൂടെ സാദ്ധ്യമാകും. സാങ്കേതികവിദ്യാ വികസനത്തിനുതകുന്ന കോഴ്സുകളും ഗവേഷണ സ്ഥാപനങ്ങളും നിലവിൽവരേണ്ടത് അനിവാര്യമാണ്. പൊതുവിദ്യാഭ്യാസ മേഖലയുടെ മുന്നേറ്റത്തിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും യുവാക്കൾക്ക് വിദേശ സ്ഥാപനങ്ങളിൽ ജോലി നേടുന്നതിനും റോബോട്ടിക് ഇന്റലിജൻസുമായി ബന്ധപ്പെട്ട കോഴ്സുകൾ പഠിപ്പിക്കുന്നതിനും ടി സർവ്വകലാശാല രൂപീകരണത്തോടെ സാധ്യമാകും. നൂതന സാങ്കേതികവിദ്യ ലക്ഷ്യപ്രാപ്തിയിലെത്താൻ ഗവേഷണശാലകളും സ്ഥാപനങ്ങളും രൂപീകരിച്ച് യുവാക്കളെ സാങ്കേതിക പരിജ്ഞാനമുള്ളവരാക്കി മാറ്റാനും സാങ്കേതികവിദ്യാരംഗത്തെ സ്വയംപര്യാപ്തതയും ടീം വർക്കിന്റെയും മാനേജ്മെന്റിന്റെയും സംരംഭകത്വ കഴിവിന്റെയും സാദ്ധ്യത വിദ്യാർത്ഥികളിൽ എത്തിക്കുകയുമാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നത്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: ഭേദഗതിയെ പിന്താങ്ങുന്നു. ഉന്നതപഠനത്തിന്റെയും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെയും ആഗോള കേന്ദ്രമാക്കാനും വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലൂടെ നാടിനെ അഭിവൃദ്ധിപ്പെടുത്താനുമാണ് ടെക്നോസിറ്റിയിൽ സാങ്കേതിക സർവ്വകലാശാല സ്ഥാപിച്ചത്. അത്യാധുനിക കമ്പ്യൂട്ടർ ലാബുകളോടുകൂടിയ അക്കാദമിക് ബ്ലോക്ക്, ഹോസ്റ്റൽ സൗകര്യം, വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്ന രീതിയിലുള്ള ലൈബ്രറി/ലബോറട്ടറി സൗകര്യങ്ങൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഡിജിറ്റൽ സയൻസിൽ ബിരുദാനന്തര ബിരുദ ഗവേഷണത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് കരിയർ ബ്രേക്കില്ലാതെ ഗവേഷണത്തിൽ ഏർപ്പെടാനും അക്കാദമികരംഗവും ഇൻഡസ്ട്രിയും സംയുക്തമായി പ്രവർത്തിപ്പിക്കാനും കഴിയുന്ന രീതിയിലാണ് ടി സർവ്വകലാശാല വിഭാവനം ചെയ്തിരിക്കുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ഭേദഗതിയെ പിന്താങ്ങുന്നു. ഏകദേശം ഇരുന്നൂറോളം എഞ്ചിനീയറിംഗ് കോളേജുകൾ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയെ ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്നതിനുപകരം പുതിയ

സർവ്വകലാശാല ആരംഭിക്കുന്നതിനായിട്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയെ തകർക്കാനുള്ള നീക്കമാണ് പുതിയ സർവ്വകലാശാല ആരംഭിക്കാനുള്ള ബിൽ കൊണ്ടുവന്നതിലൂടെ സർക്കാർ ശ്രമിക്കുന്നത്. നിലവിലുള്ള സർവ്വകലാശാലയ്ക്ക് ഭൂമിയോ കെട്ടിടമോ അനുവദിക്കാതെ പുതുതായി ആരംഭിക്കുന്ന സർവ്വകലാശാലയ്ക്ക് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുമുമ്പുതന്നെ 74 കോടി രൂപയും 10 ഏക്കർ ഭൂമിയും അനുവദിച്ചിരിക്കുകയാണ്. കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ദി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്-കേരള (IIITMK) എന്ന സ്ഥാപനത്തെ അപ്ഗ്രേഡ് ചെയ്ത് സർവ്വകലാശാലയാക്കി മാറ്റുന്നതിനാൽ യു.ജി.സി.-യുടെ അംഗീകാരം നേടിയെടുക്കാൻ ബുദ്ധിമുട്ടായിരിക്കും. യു.ജി.സി. നോംസ് പ്രകാരം ക്വാളിഫിക്കേഷനില്ലാത്ത IIITMK-യുടെ നിലവിലുള്ള പ്രതിനിധികളെ സർവ്വകലാശാലയുടെ ബോഡികളിലേയ്ക്ക് നോമിനേറ്റ് ചെയ്യാനുള്ള തീരുമാനം പരിശോധിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കേരളത്തിലെ ഭാവിതലമുറയ്ക്ക് പ്രാപ്യമാക്കുന്ന ഒരു നിയമമാണ് ഇവിടെ

അവതരിപ്പിച്ചിരിക്കുന്നത്. സർവ്വകലാശാലയുടെ ജനറൽ കൗൺസിലിലും ബോർഡ് ഓഫ് ഗവർണേഴ്സിലും വിദ്യാഭ്യാസ, വിവരസാങ്കേതികവിദ്യാ മേഖലകളിലെ പ്രഗത്ഭരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വ്യത്യസ്ത വിജ്ഞാന ശാഖകളിൽ പാണ്ഡിത്യമുള്ള അംഗങ്ങൾ ഉൾക്കൊള്ളുന്ന ഗവേണിംഗ് കൗൺസിലാണ് ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. യു.ജി.സി.-യുടെ പ്രതിനിധിയെ സർവ്വകലാശാലയുടെ ജനറൽ കൗൺസിലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായവും വിജ്ഞാനവും കോർത്തിണക്കുന്ന സംവിധാനമായ ഡിജിറ്റൽ യൂണിവേഴ്സിറ്റി വരുന്നതുകൊണ്ട് നിലവിലുള്ള സാങ്കേതിക സർവ്വകലാശാലയുടെ പ്രസക്തി ഇല്ലാതാകുന്നില്ല. പൂർണ്ണമായും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കമ്പനിയായ IIITMK (Indian Institute of Information Technology and Management Kerala)-ക്ക് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാനുള്ള അധികാരമില്ലാത്തതിനാലാണ് ടി കമ്പനിയുടെ പങ്കാളിത്തത്തോടെ ഒരു സർവ്വകലാശാല എന്ന ആശയം കൊണ്ടുവന്നത്. ഇവിടത്തെ നിയമനങ്ങളെല്ലാം നിലവിലുള്ള യു.ജി.സി. സ്റ്റാറ്റ്യൂട്ട് അനുസരിച്ചായിരിക്കും നടത്തുന്നത്.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കയയ്ക്കുകയും ചെയ്തു.

സഭ വൈകുന്നേരം 6.23-ന് പിരിഞ്ഞു.

****